ഉത്തരം

(എ) ഗുണഭോക്താക്കളുടെ എണ്ണം 1500 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) 400 രൂപ

(സി) സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കാണ് ഈ പെൻഷൻ നൽകുന്നത്.

(ഡി) 105 പേർക്ക്.

(ഇ&എഫ്) അവശകലാകാരന്മാർക്കുള്ള പെൻഷനിൽ കുടിശ്ശിക വന്നിട്ടില്ല. 2003 മേയ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായിട്ടുള്ള അനുവാദം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

തുഞ്ചൻ സ്മാരക ഭരണസമിതി രൂപീകരണം

62 (1857) ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതി രൂപീകരിച്ച് ഉത്തരവായതെന്നാണെന്നും ഈ ഭരണസമിതിയുടെ ചെയർമാനും അംഗങ്ങളും ആരെല്ലാമാണ് എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരെ നിയമിക്കുന്ന രീതിയെന്താണ് ; ഇവർ ആയുഷ്ക്കാല മെമ്പർമാരാണോ ;

(സി) ഈ സമിതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) തുഞ്ചൻ സ്മാരകത്തിന്റെ ചെലവുകൾ നടത്തുന്നത് ഏതുവിധത്തിലാണ് ;

(ഇ) തുഞ്ചൻ സ്മാരകത്തിന്റെ ഇപ്പോഴത്തെ ഭരണ സമിതി അംഗങ്ങളുടെ സാംസ്ക്കാരിക പ്രവർത്തന പാരമ്പര്യം എന്തെന്ന് വിശദീകരിക്കുമോ ;

(എഫ്) ഇതിന്റെ ഭരണസമിതിക്ക് ജനാധിപത്യ സ്വഭാവമുണ്ടോ ; ഇല്ലെങ്കിൽ അതിന് ജനാധിപത്യ സ്വഭാവം ലഭിക്കത്തക്കവണ്ണം അതിന്റെ ഭരണ സമിതി രൂപീകരണം സംബന്ധിച്ച് ഉത്തരവിലോ ചട്ടത്തിലോ വേണ്ട ഭേദഗതി വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതി രൂപീകരണം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ 26-2-2001-ലെ ജി. ഒ. (എം.എസ്) 14/2001/സിഎഡി നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി വച്ചിട്ടുണ്ട്.*

(ഇ) തുഞ്ചൻ സ്മാരക ട്രസ്റ്റിൽ ഇപ്പോൾ 17 അംഗങ്ങളാണുള്ളത്. 26-2-2001-ൽ രൂപീകരിച്ച ഈ ട്രസ്റ്റിലെ അംഗങ്ങളിലെ പലരുടെയും സാംസ്ക്കാരിക പ്രവർത്തന പാരമ്പര്യത്തെപ്പറ്റി അറിയില്ല.

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഒരു ട്രസ്റ്റിനാണ് ഈ സ്ഥാപനത്തിന്റെ ഭരണചുമതല. ഈ ട്രസ്റ്റിന്റെ ചെയർമാൻ ഒഴികെ മറ്റുള്ളവർക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. മാറ്റം അനിവാര്യമാണെന്ന പൊതുജനാഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്.

വൈലോപ്പിള്ളി സംസ്കൃതിഭവൻ തുഞ്ചൻ സ്മാരക ഭരണസമിതികളുടെ ഘടന

63 (1858) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ഭരണസമിതിയുടെ ഘടന എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഭരണസിമിതിയെ നിയോഗിക്കുന്നത് എപ്രകാരമാണ് ;

(സി) തുഞ്ചൻ സ്മാരകത്തിന്റെ ഭരണസമിതിയുടെ ഘടന എപ്രകാരമാണ് ;

(ഡി) ഈ സമിതി രൂപീകരിച്ചതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിൽ ഈ സമിതിയിലെ ആജീവനാന്ത അംഗങ്ങളെ മാറ്റുവാനോ അവർ മരിക്കുമ്പോഴോ രാജിവയ്ക്കുമ്പോഴോ ഒഴിവുവരുന്ന സ്ഥാനത്തേയ്ക്ക് ആളെ നിയോഗിക്കുവാനോ വ്യവസ്ഥയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) തുഞ്ചൻ സ്മാരക ഭരണസമിതി പിരിച്ചുവിടുവാൻ അതു രൂപീകരിച്ച ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുണ്ടോ ;

(ജി) ഗവൺമെന്റിന്റെ സൃഷ്ടിയെന്ന നിലയിൽ ഇതു പിരിച്ചുവിടാൻ ഗവൺമെന്റിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly